File No.LSGD-EPB2/402/2015-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഫിലിപ്പ് മാതൃവിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2302/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/12/2020

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 14.09.2012-ലെ ഡി2-24700/12 നമ്പർ കുറ്റാരോപണ മെമ്മോ

2 സർക്കാരിന്റെ 05.03.2016-ലെ 46686/ഇപിബി2/2012/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3 ശ്രീ. ഫിലിപ്പ് മാതൃ സമർപ്പിച്ച 06.01.2017-ലെ പ്രതിവാദ പത്രിക

4 സ.ഉ.(സാധാ) നം. 1946/2018/തസ്വഭവ തീയതി 17.07.2018

5 എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 01.02.2019-ലെ ഡി2-2118/2004 നമ്പർ കത്ത്

6 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 15.06.2020-ലെ A1-3/81/2019-KPSC നമ്പർ കത്ത്

ഉത്തരവ്

വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതിലേയ്ക്കായി ശ്രീ. കെ.പി. വർക്കി എന്നയാൾ കീരമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഫിലിപ്പ് മാതൃവിന് 2000/- രൂപ നൽകിയിരുന്നതായും എന്നാൽ ടി തുകയിൽ 620/- രൂപയുടെ രേഖകൾ മാത്രമാണ് നൽകിയതെന്നും ബാക്കി തുക നാളിതുവരെ ലഭ്യമായിട്ടില്ല എന്നുമുള്ള പരാതിയിന്മേൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ കീരമ്പാറ ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രീ. കെ.പി. വർക്കി ആവശ്യപ്പെട്ട രേഖകളുടെ ഫീസായി 2000/- രൂപ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഫിലിപ്പ് മാതൃ കൈപ്പറ്റിയതായി എഴുതി തയ്യാറാക്കിയ രസീത് 20.12.1999-ൽ അപേക്ഷകന് നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടി തുക പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കാതെ തന്നെ 620/- രൂപയുടെ രേഖകൾ അപേക്ഷകന് നൽകുകയും അപേക്ഷകനിൽ നിന്നും കൈപ്പറ്റിയ തുക 6 മാസക്കാലം അനധികൃതമായി കൈവശം വച്ചശേഷം 1380/- രൂപ മാത്രം പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയെന്നും പകർപ്പുകളുടെ ഫീസായ 620/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ലെന്നും അധികമായി കൈപ്പറ്റിയ തുക തിരികെ നൽകുകയോ ആയതിനുള്ള പകർപ്പ് നൽകുകയോ ചെയ്തിട്ടില്ലെന്നും ആയതിനാൽ ശ്രീ. ഫിലിപ്പ് മാതൃവിനെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിച്ചതിൻ പ്രകാരം പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശ്രീ. ഫിലിപ്പ് മാതൃവിന് കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

ശ്രീ. ഫിലിപ്പ് മാതൃവിനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ചു വന്നിരുന്ന അച്ചടക്ക നടപടിയിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനു മുൻപു തന്നെ 30.11.2012-ൽ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ ഭാഗം III ചട്ടം 3 പ്രകാരം സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 (a) പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവു വരുത്തുവാൻ താത്ക്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ഫിലിപ്പ് മാതൃ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ താത്കാലിക പെൻഷൻ മാത്രം വാങ്ങുന്ന തന്നിൽ നിന്നും വീണ്ടും പെൻഷനിൽ കുറവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് വലിയ ആഘാതമേല്പിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ടിയാനിൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റമായ

പരാതിക്കാരന് തിരികെ നൽകേണ്ടതായ 1380/- രൂപ 6 മാസത്തോളമായി കൈവശം വച്ചിരിക്കുകയും പിന്നീട് പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക് വരുത്തി എന്നത് ടിയാൻ നിഷേധിച്ചിട്ടുമില്ല.

ശ്രീ. ഫിലിപ്പ് മാത്യുവിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർ നപടി സ്വീകരിക്കുന്നതിലേയ്ക്കായി ടിയാനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (4) പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ വിവരാവകാശ നിയമപ്രകാരം കൈപ്പറ്റിയ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തുന്നതിലും ബാക്കി തുക അപേക്ഷകന് യഥാസമയം മടക്കി നൽകുകയോ പ്രസ്തുത തുകയ്ക്ക് ആനുപാതികമായ പകർപ്പ നൽകാതിരിക്കുകയോ ചെയ്തത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ഇക്കാര്യത്തിൽ ശ്രീ. ഫിലിപ്പ് മാത്യുവിനെ നേരിൽ കേൾക്കുകയുണ്ടായി. പ്രസ്തുത അവസരത്തിലും ശ്രീ. കെ.പി. വർക്കിക്ക് മടക്കി നല്കാനുണ്ടായിരുന്ന തുക അയാൾ വന്ന് വാങ്ങുമെന്ന പ്രതീക്ഷയിലാണ് കൈവശം സൂക്ഷിച്ചതെന്നും ബോധപൂർവ്വമായ പണാപഹരണത്തിനല്ലായെന്നും താത്കാലിക പെൻഷൻ മാത്രം വാങ്ങുന്ന തന്റെ പെൻഷനിൽ നിന്നും വീണ്ടും തുക കുറയ്ക്കുന്നത് തനിക്ക് താങ്ങാനാകില്ലായെന്നും ആവർത്തിക്കുകയുണ്ടായി. കൂടാതെ ശ്രീ. കെ.പി. വർക്കിക്ക് മടക്കി നല്കാനുണ്ടായിരുന്ന തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയോ, ടിയാന് മടക്കി നൽകുകയോ ചെയ്യാതെ 6 മാസക്കാലം കൈവശം സൂക്ഷിച്ചു എന്നത് വാസ്തവമാണെന്ന് ടിയാൻ സമ്മതിക്കുന്നുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. കെ.പി. വർക്കി നൽകിയ പണം പൊതുപണമായതിനാൽ തുക കൈപ്പറ്റിയ ഉടൻ തന്നെ പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതായിരുന്നു. ആയതിനാൽ സാമ്പത്തികക്രമക്കേട് നടന്നതായി കണ്ട് ടിയാനെതിരെ അച്ചടക്ക നടപടി തുടരാൻ തീരുമാനിച്ച് ടിയാന്റെ പ്രതിമാസ പെൻഷൻ തുകയിൽ നിന്നും പ്രതിമാസം 100/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവു വരുത്താമെന്ന താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും പരാമർശം ( 6 ) പ്രകാരം കമ്മീഷൻ സർക്കാരിന്റെ താത്ക്കാലിക തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കീരമ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഫിലിപ്പ് മാത്യുവിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവു വരുത്താമെന്ന താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ശ്രീ. ഫിലിപ്പ് മാത്യു, മുൻ സെക്രട്ടറി, കീരമ്പാറ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/402/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by SUDHEER S S
Date: 2020.12.14 12:35:53 IST
Reason: Approved

സെക്ഷൻ ഓഫീസർ